## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **09-02-2023 - ൽ മറുപടിയ്ക്ക്**

## തൊഴിൽ രഹിതരായ സ്ത്രീകൾക്കുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന പദ്ധതിയിൽ സബ്സിഡി അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പുകൾ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും ഏത് ഉദ്യോഗസ്ഥനാണ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സബ്സിഡി വിതരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതെന്നും അറിയിക്കുമോ; | (എ) | ജീവനോപാധികൾ നൽകുന്ന ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകളുടെ മാനദണ്ഡങ്ങൾ പ്രോജക്ടുകളുടെ സ്വഭാവത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു പൊതുവായ താൽപര്യ പ്രകാരം ഒന്നിലധികം വ്യക്തികൾ കൂട്ടായി ഒരു സംരംഭം ആരംഭിച്ച് പ്രവർത്തിക്കുന്നതിനെയാണ് പൊതു താൽപര്യ ഗ്രൂപ്പ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇത്തരത്തിൽ ഒന്നിലധികം വ്യക്തികൾ പൊതു താല്പര്യ പ്രകാരം കൂട്ടായി പ്രവർത്തിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ, വാർഡ്സഭ/ ഗ്രാമസഭ മുഖേന തദ്ദേശഭരണ സ്ഥാപനത്തിൽ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖകൾ പ്രകാരമുള്ള മറ്റ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ആ ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി നഗരസഭകൾ അവരുടെ കൗൺസിൽ തീരുമാന പ്രകാരം ആവശ്യപ്പെടുന്ന രേഖകളാണ് വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഹാജരാക്കേണ്ടത്. അർഹതാപരിശോധനയുടെ അടിസ്ഥാനത്തിൽ, അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സബ്സിഡി വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും. |
| (ബി) | ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് അംഗീകരിക്കുന്ന നടപടിക്രമം എന്താണെന്നും നഗരസഭയിലെ ഏത് സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ് മേൽപ്പറഞ്ഞ പ്രവർത്തിയുടെ മേൽനോട്ട ചുമതല ഉള്ളതെന്നും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ചാണ് സബ്സിഡി വിതരണം നടപ്പാക്കുന്നത് | (ബി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ.(കൈ) നം.86/2022/ തസ്വഭവ, തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന |

| | | | |
|---|---|---|---|
| | എന്ന് ഉറപ്പാക്കുവാൻ ചുമതലപ്പെട്ട സമിതി, ഉദ്യോഗസ്ഥർ എന്നിവ ആരാണെന്നും വ്യക്തമാക്കുമോ; | | തീയതിയും, സമയവും നിശ്ചയിച്ച്, പ്രചാരണം നൽകി, അപേക്ഷ സ്വീകരിച്ചശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണസ്ഥാപനം തയ്യാറാക്കും. നഗര പ്രദേശങ്ങളിൽ ഗുണഭോക്താക്കളുടെ മുൻഗണന ബന്ധപ്പെട്ട വാർഡ്സഭകളും വാർഡ് കമ്മിറ്റികളുമാണ് നിശ്ചയിക്കുന്നത്. വാർഡ്സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് വാർഡ് സഭ/ വാർഡ് കമ്മിറ്റി അംഗീകരിച്ച്, അത് നഗരസഭാ തലത്തിൽ ക്രോഡീകരിച്ച് ഭരണസമിതി അംഗീകരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നത് നഗരസഭാ കൗൺസിലാണ്. ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിക്കഴിഞ്ഞാൽ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനാണ്. അംഗീകൃത ഗുണഭോക്തൃ പട്ടിക അനുസരിച്ചാണ് സബ്സിഡി വിതരണം നടപ്പാക്കുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ബന്ധപ്പെട്ട മോണിട്ടറിംഗ്സമിതി (വർക്കിംഗ് ഗ്രൂപ്പ് ) ഇത് മോണിട്ടർ ചെയ്യും. |
| (സി) | തിരുവനന്തപുരം നഗരസഭയിൽ മേൽപ്പറഞ്ഞ പദ്ധതിയിൽ ക്രമക്കേട് നടത്തുന്നതിനായി വിവിധ ഗ്രൂപ്പുകളുടെ പേരിൽ വ്യാജരേഖകൾ ഹാജരാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ രേഖകളാണ് വ്യാജമെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും, വ്യാജരേഖയുടെ അടിസ്ഥാനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും, എന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും, ഈ കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം നഗരസഭയിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് അഞ്ച് പട്ടികജാതി വനിതകൾ ചേർന്ന് സ്വയം സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് വായ്പയുടെ 85% (പരമാവധി 3 ലക്ഷം രൂപ) സബ്സിഡി നല്കുന്ന പദ്ധതി നടത്തിപ്പിൽ ക്രമക്കേട് നടത്തുന്നതിനായി വിവിധ ഗ്രൂപ്പുകളുടെ പേരിൽ വ്യാജരേഖകൾ ഹാജരാക്കിയിട്ടുള്ളതായി സ്റ്റേറ്റ് ഓഡിറ്റിന്റെ റിപ്പോർട്ടിലും അക്കൗണ്ടന്റ് ജനറലിന്റെ കരട് റിപ്പോർട്ടിലും പരാമർശിക്കുന്നുണ്ട്. ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്കിൽ നിന്നുള്ള ലോൺ സാങ്ഷൻ ലെറ്ററുകൾ എന്നീ രേഖകളാണ് ഈ കാര്യത്തിൽ വ്യാജമായി കണ്ടെത്തിയിട്ടുള്ളത്. ആയതിന് 2020-21, 2021-22 വർഷങ്ങളിലായി ആകെ 1.89 കോടി രൂപയുടെ ക്രമക്കേട് ലോക്കൽ ഫണ്ട് ഓഡിറ്റിലും, 5.6 കോടി രൂപയുടെ ക്രമക്കേട് C&AG ഇടക്കാല ഓഡിറ്റിലും കണ്ടെത്തിയിട്ടുണ്ട്. അപൂർണ്ണമായ അപേക്ഷകൾക്കും, യോഗ്യതയില്ലാത്തവർക്കും സബ്സിഡി അനുവദിച്ചതായും റിപ്പോർട്ട് ഉണ്ട്. വ്യാജരേഖയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത കൃത്യമായ തുക തിട്ടപ്പെടുത്തുന്നതിന് സമഗ്ര |

| | | | |
|---|---|---|---|
| | | | അന്വേഷണത്തിനായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ശുപാർശ നൽകിയിട്ടുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 0721 Dt.21/7/22 പ്രകാരം കേസ് എടുത്ത് എഫ്.ഐ.ആർ ഫയൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥരായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാനായി വ്യവസായ വകുപ്പ് ഡയറക്ടറോട് നഗരസഭ ആവശ്യപ്പെടുകയും നടപടി എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ബന്ധപ്പെട്ട ഐ.ഇ.ഒ. യെ വ്യവസായ വകുപ്പ് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും മറ്റൊരാളെ അന്വേഷണ വിധേയമായി വേറെ ജില്ലയിലേക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ